ഹദീസ്

അബൂറാസി

# അമൂല്യമാണ് റമദാനിലെ ഓരോ നിമിഷവും

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ قَالَ: كَانَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يُبَشِّرُ أَصْحَابَهُ بِقُدومِ شَهْرِ رَمَضَانَ فَيَقُولُ: جَاءَكُمْ شَهْرُ رَمَضَانُ، شَهْرٌ مُبَارَكٌ كَتَبَ اللَّهُ عَلَيْكُمْ صِيَامَهُ فِيهِ تُفْتَحُ أَبْوَابُ الْجَنَّةِ، وَتُغْلَقُ فِيهِ أَبْوَابُ الْجَحِيمِ، وَتُغَلُّ فِيهِ الشَّيَاطِينِ، وَفِيهِ لَيْلَةٌ خَيْرٌ مِنْ أَلْفِ شَهْرٍ، مَنْ حُرِمَ خَيْرَهَا فَقَدْ حُرِمَ (أحمد)

**അബൂഹുറയ്‌റ (റ) പറഞ്ഞു: റമദാൻ മാസം ആസന്നമായാൽ പ്രവാചകൻ അനുചരന്മാരെ സന്തോഷവാർത്ത അറിയിക്കുമായിരുന്നു; 'ഒരു അനുഗൃഹീത മാസം നിങ്ങളിലേക്ക് വന്നെത്തിയിരിക്കുന്നു. അതിൽ അല്ലാഹു നിങ്ങൾക്ക് നോമ്പ് നിർബന്ധമാക്കിയിരിക്കുന്നു. സ്വർഗവാതിലുകൾ തുറക്കപ്പെടുന്ന മാസമാണത്. നരകകവാടങ്ങൾ അതിൽ കൊട്ടിയടക്കപ്പെടും. പിശാചുക്കൾ ബന്ധിക്കപ്പെടും. അതിൽ ആയിരം മാസത്തേക്കാൾ ശ്രേഷ്ഠമായ ഒരു രാവുണ്ട്. അതിന്റെ പുണ്യം നഷ്ടപ്പെട്ടവന് എല്ലാം നഷ്ടപ്പെട്ടു' (അഹ്മദ്).**

നീണ്ട കാലം ദുൻയാവിൽ ജീവിക്കാൻ നബി (സ) കൊതിച്ചിരുന്നുവോ? ഒരിക്കലുമില്ല എന്നായിരിക്കും ഈ ചോദ്യത്തിന് നമ്മുടെ മറുപടി. അതു തന്നെയാണ് ശരിയും. യാത്രാവേളയിലെ ഇടത്താവളം; അങ്ങനെ മാത്രമാണ് നബി (സ) ഈ ലോകത്തെ കണ്ടത്. അതുകൊണ്ടാണല്ലോ തിരുദൂതർ പറഞ്ഞത്: 'ഞാനും ഈ ദുൻയാവും തമ്മിൽ എന്ത് ബന്ധം! വല്ല ബന്ധവുമുണ്ടെങ്കിൽ, അത് ഒരു വഴിയാത്രക്കാരനും മരത്തണലും തമ്മിലുള്ള ബന്ധം മാത്രം. വെയിലേറ്റ് ക്ഷീണിക്കുമ്പോൾ യാത്രക്കാരൻ മരത്തിന്റെ തണൽ തേടുന്നു. ക്ഷീണം മാറിയാൽ അവിടം ഉപേക്ഷിച്ച് പോകുന്നു.' ഇത്രമേൽ പ്രവാചകൻ ദുൻയാവിനോട് വിരക്തി കാണിച്ചിരുന്നു. ഏത് നിമിഷവും തീർന്നു പോയേക്കാവുന്ന ഒന്ന്; അതാണല്ലോ ഈലോക ജീവിതം. ആ ദുൻയാവ് പ്രവാചകനെ ഒട്ടും ആകർഷിച്ചിരുന്നില്ല.

പക്ഷേ, ഒരു സന്ദർഭത്തിൽ നബി (സ) ഇഹലോകത്ത് ജീവിക്കാൻ കൊതിച്ചിരുന്നു. ആയുസ്സ് നീട്ടിത്തരണേ എന്ന് നിരന്തരം പ്രാർഥിച്ചിരുന്നു. റമദാൻ അടുക്കുന്ന സന്ദർഭമായിരുന്നു അത്. ഒന്ന് ആലോചിച്ചുനോക്കൂ; റമദാന്റെ പ്രാധാന്യത്തിന്റെ ആഴവും പരപ്പും എത്രത്തോളമുണ്ടെന്ന് ബോധ്യപ്പെടുത്താൻ ഇനിയെന്തെങ്കിലും വേണോ?

ഒരു മാസത്തിനു വേണ്ടി രണ്ട് മാസം മുമ്പേ ഒരുങ്ങുന്ന പ്രവാചകൻ. ആ മാസത്തെ ആകാംക്ഷയോടെ കാത്തിരിക്കുന്ന നാളുകൾ. റമദാൻ മാസം അടുത്താലോ, നബിയുടെ മുഖം പ്രസന്നമാകും, മനസ്സിൽ ആഹ്ലാദം അലയടിക്കും. എന്തെന്നില്ലാത്ത ഊർജവും ഉത്സാഹവും പ്രവാചകന്റെ ജീവിതത്തിൽ പ്രകടമാകും. അവിടെയും തീരുന്നില്ല, ആ സന്തോഷം ജനങ്ങൾക്കും പകർന്നുകൊടുക്കുന്നു. അവരുടെ മനസ്സിൽ ആവേശം നിറക്കുന്നു. അതാണ് മുകളിലെ നബിവചനത്തിൽ നാം കണ്ടത്. അഥവാ നാം വിചാരിക്കുന്നതിലും അപ്പുറമാണ് റമദാന്റെ ശ്രേഷ്ഠത.

മുൻഗാമികളും അങ്ങനെയായിരുന്നു. അവർ ഓരോ റമദാനെയും പ്രതീക്ഷയോടെ കാത്തിരിക്കും. റമദാനെത്തിയാൽ ആവേശത്തോടെ കർമനിരതരാവും. റമദാനു മുമ്പുള്ള ആറ് മാസം, റമദാനിലേക്ക് എത്തിക്കണേ എന്നും ശേഷമുള്ള ആറ് മാസം റമദാനിൽ ചെയ്ത കർമങ്ങൾ സ്വീകരിക്കണേ എന്നും അവർ പ്രാർഥിക്കുമായിരുന്നു. റമദാന്റെ പ്രാധാന്യം പൂർണാർഥത്തിൽ മനസ്സിലാക്കുന്ന വ്യക്തി അതിലെ ഓരോ നിമിഷത്തെയും അമൂല്യമായി കാണുന്നു എന്നു ചുരുക്കം.

നമ്മുടെ റമദാൻ പ്രാർഥനകൾകൊണ്ട് നിറയട്ടെ. ജീവിത യാത്രയിൽ ഒരുപാട് പാപങ്ങൾ ചെയ്തുപോയിട്ടുണ്ട്. പാപത്തിന്റെ ഭാണ്ഡവും പേറി ഇനിയും മുന്നോട്ടു നടക്കാൻ വയ്യ. പാപഭാരത്താൽ മുതുകൊടിഞ്ഞവന്റെ മുമ്പിൽ ഇരുകൈയും നീട്ടി അല്ലാഹു നിൽക്കുന്നു. അവന്റെ കാരുണ്യത്തിന്റെ മുമ്പിൽ പാപത്തിന്റെ ചുമട് ഇറക്കിവെച്ച് വിശുദ്ധമായ യാത്ര തുടരാൻ ഇനിയും നമ്മൾ എന്തിന് വൈകിക്കണം!

ദുൻയാവിന്റെ തിരക്കുകളിൽ നമ്മുടെ ജീവിതം ഒഴുക്കിക്കൊണ്ടിരിക്കുകയാണ്. അതിനിടയിൽ ഒന്ന് നിന്ന്, സ്വന്തത്തിലേക്ക് തിരിഞ്ഞുനോക്കാനുള്ള അവസരമാണ് റമദാൻ നൽകുന്നത്. ജീവിതം അടിമുടി ആത്മപരിശോധനക്ക് വിധേയമാക്കേണ്ട ദിനരാത്രങ്ങൾ. അല്ലാഹുവുമായുള്ള ബന്ധത്തിന്റെ ആഴം അളക്കേണ്ട നിമിഷങ്ങൾ. ആ ബന്ധം പുതുക്കിയും തേച്ചുമിനുക്കിയും പുതിയ മനുഷ്യനായി രൂപപ്പെടാനുള്ള സന്ദർഭം. ജീവിതം മാറ്റിപ്പണിയാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ അതിന് റമദാനേക്കാൾ മികച്ച മറ്റൊരു അവസരമില്ല.

നമ്മുടെ റമദാൻ പ്രാർഥനകൾകൊണ്ട് നിറയട്ടെ. ജീവിത യാത്രയിൽ ഒരുപാട് പാപങ്ങൾ ചെയ്തുപോയിട്ടുണ്ട്. പാപത്തിന്റെ ഭാണ്ഡവും പേറി ഇനിയും മുന്നോട്ടു നടക്കാൻ വയ്യ. പാപഭാരത്താൽ മുതുകൊടിഞ്ഞവന്റെ മുമ്പിൽ ഇരുകൈയും നീട്ടി അല്ലാഹു നിൽക്കുന്നു. അവന്റെ കാരുണ്യത്തിന്റെ മുമ്പിൽ പാപത്തിന്റെ ചുമട് ഇറക്കിവെച്ച് വിശുദ്ധമായ യാത്ര തുടരാൻ ഇനിയും നമ്മൾ എന്തിന് വൈകിക്കണം!

'പ്രാർഥിക്കുന്നവരുണ്ടോ, ഞാൻ ഉത്തരം നൽകാം. ചോദിക്കുന്നവരുണ്ടോ, നിങ്ങൾ ആവശ്യപ്പെടുന്നത് ഞാൻ നൽകാം' എന്ന് അല്ലാഹു വിളിച്ചു പറയുമ്പോൾ കണ്ണീർ വാർത്ത് അവന്റെ ഉമ്മറപ്പടിയിൽ വീണു കിടക്കാൻ നമുക്കെന്താണ് തടസ്സം.

ഓരോ വ്യക്തിക്കും ചില ദൗർബല്യങ്ങളുണ്ടാകും. നിരന്തരം പെട്ടുപോകുന്ന പാപങ്ങളുണ്ടാകും. ആ പാപത്തിന്റെ ചളിക്കുണ്ടിൽനിന്ന് പുറത്തു ചാടാൻ നാം അതിയായി ആഗ്രഹിക്കുന്നു. സ്വന്തം ദൗർബല്യം എന്താണോ, മുക്തി നേടാൻ ഉദ്ദേശിക്കുന്ന പാപം ഏതാണോ അതിൽ പ്രാർഥന കൂടുതൽ കേന്ദ്രീകരിക്കുക. അവയെ അതിജയിക്കാനുള്ള ഈമാനും തഖ്‌വയും നൽകാൻ പടച്ചവനോട് നിരന്തരം തേടുക. അങ്ങനെയെങ്കിൽ റമദാൻ കഴിയുമ്പോൾ പൂർണമുക്തി നേടാൻ സാധിക്കുമെന്ന കാര്യത്തിൽ സംശയം വേണ്ട.

സൽക്കർമങ്ങളിൽ മത്സരിച്ച് മുന്നേറേണ്ട മുപ്പത് ദിനരാത്രങ്ങളാണ് നമ്മെ കാത്തിരിക്കുന്നത്. ജീവിതത്തിന്റെ അത്യാവശ്യങ്ങൾ കഴിഞ്ഞാൽ ബാക്കി മുഴുവൻ സമയവും ഖുർആൻ പാരായണം, സുന്നത്ത് നമസ്കാരം, പ്രാർഥന, ദിക്റ്, സ്വലാത്ത്, ദാനധർമം തുടങ്ങിയവയിൽ മുഴുകാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. അലസത മനസ്സിൽനിന്ന് കുടിയൊഴിഞ്ഞു പോകണം. പകരം ഉത്സാഹം നിറയണം. അമൂല്യമാണ് റമദാനിലെ ഓരോ നിമിഷവും. പാഴായിപ്പോകുന്ന നിമിഷങ്ങൾ വലിയ നഷ്ടമാണ്. ഒരു റമദാൻ കാലത്ത് ഹസൻ ബസ്വരി ഒരുകൂട്ടം ആളുകൾക്കരികിലൂടെ നടന്നുപോയി. അന്നേരം അവർ തമാശ പറയുകയും പൊട്ടിച്ചിരിക്കുകയും ചെയ്യുകയായിരുന്നു. അപ്പോൾ അദ്ദേഹം അവരോട് പറഞ്ഞു: 'നന്മയിൽ പരസ്പരം മത്സരിച്ച് മുന്നേറാനുള്ള മൈതാനമായാണ് അല്ലാഹു റമദാനെ സംവിധാനിച്ചിട്ടുള്ളത്. ഈ മാസം നന്മയിലും പുണ്യത്തിലും മുന്നേറിയവർ വിജയിച്ചു. പിന്നിലായവർ പരാജയപ്പെട്ടു. പരസ്പരം മത്സരിച്ച് വാശിയോടെ കർമനിരതരാവേണ്ട ഈ ഗൗരവപ്പെട്ട നിമിഷങ്ങളിൽ കളിച്ചു ചിരിക്കുന്നത് വിചിത്രം തന്നെ!'